**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1819** | **04-02-2026 - ൽ മറുപടിയ്ക്ക്**

**എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകൾ ഉൾപ്പെടുന്ന പ്രവേശന പരീക്ഷയുടെ റാങ്ക് പട്ടിക തയ്യാറാക്കുന്നതിലെ സമീകരണ പ്രക്രിയയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്കോർ സമീകരണം നടത്തുന്നതിലെ മാനദണ്ഡം വിശദമാക്കാമോ; | (ബി) | എഞ്ചിനീയറിംഗ് പ്രവേശനത്തിനായി പ്രവേശന പരീക്ഷയിൽ നേടിയ normalize ചെയ്ത സ്കോറിനും യോഗ്യത പരീക്ഷയുടെ അവസാന വർഷത്തിൽ ഗണിതം, ഫിസിക്സ്, രസതന്ത്രം എന്നീ വിഷയങ്ങളിൽ നേടുന്ന grade/മാർക്കിനും തുല്യമായി 50:50 weightage നൽകപ്പെടും.<br><br>യോഗ്യത പരീക്ഷയുടെ അവസാന വർഷത്തിൽ ഗണിതം, ഫിസിക്സ്, രസതന്ത്രം എന്നീ വിഷയങ്ങളിൽ നേടിയ മാർക്കുകൾ 100 ലേയ്ക്ക് മാറ്റും. ഓരോ വിഷയത്തിന്റെയും Normalization ന് ശേഷം ഈ മൂന്ന വിഷയങ്ങളുടെ മാർക്കുകൾ 5:3:2 എന്ന അനുപാതത്തിൽ (ഗണിതം-150, ഫിസിക്സ്-90, രസതന്ത്രം-60) കൂട്ടി ചേർക്കുകയും അതിലൂടെ മൂന്ന വിഷയങ്ങളുടെ combined മാർക്ക് 300 ലായി മാറ്റുകയും ചെയ്യും.<br><br>The normalized mark YB of a candidate of a particular board (B), is:<br>where $Hj_B$ denotes the maximum of the marks secured by the students of a board (B) in a particular year (j) for a particular subject, and $Xj_B$ denotes the mark secured by a candidate of the board (B), for that subject in that year (j).<br><br>Qualifying examinations of different years of the same board will be treated as different from each |

| | | | |
|---|---|---|---|
| | | | other.<br><br>$YB=Xj_B/Hj_Bx100$<br><br>Eg: If the maximum of the marks secured by the candidates of a particular board in Mathematics is 95, then for a student of that board who has secured 70 marks in Mathematics, the normalized mark is computed as shown below.<br><br>70/95x100=73.68 |
| (സി) | പല ദിവസങ്ങളിൽ വിവിധ സെഷനുകളിലായി വ്യത്യസ്ത ചോദ്യപേപ്പർ നൽകി നടത്തുന്നതിലൂടെ പരീക്ഷാർത്ഥികൾക്ക് അന്യായമായ നേട്ടമോ നഷ്ടമോ ഉണ്ടാകാത്ത രീതിയിൽ സമീകരണം ഉറപ്പാക്കുവാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കാമോ? | (സി) | 2024 മുതൽ എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷകൾ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടത്തുന്നതിനാൽ പല ദിവസങ്ങളിലായി വിവിധ സെഷനുകളായി നടത്തേണ്ടതായി വരുന്നു. ഓരോ സെഷനും വ്യത്യസ്ത ചോദ്യ പേപ്പർ ഉപയോഗിക്കുന്നത് കൊണ്ട് ചോദ്യങ്ങളുടെ ഘടനയിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടാകാം. ഈ വ്യത്യാസങ്ങൾ മൂലം വിദ്യാർത്ഥികൾക്ക് അന്യായമായ നേട്ടമോ നഷ്ടമോ ഉണ്ടാകാതിരിക്കാനാണ് കീം prospectus clause 9.4.4.(i) പ്രകാരം normalization ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ